# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1347** — **11.08.2017 ൽ മറുപടിയ്ക്ക്**

## വി.എഫ്.പി.സി.കെ.യുടെ നേതൃത്വത്തിൽ നടത്തിവരുന്ന ജൈവ കൃഷി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.സി. ദിവാകരൻ** | **ശ്രീ. വി.എസ്. സുനിൽ കുമാർ**<br>**(കൃഷി വകുപ്പ് മന്ത്രി)** |
| എ) സംസ്ഥാനത്ത് വി.എഫ്.പി.സി.കെ.യുടെ നേതൃത്വത്തിൽ നടത്തിവരുന്ന ജൈവ കൃഷിയുടെ വിശദാംശം നൽകുമോ; | എ) സംസ്ഥാനത്ത് ജൈവകൃഷിക്ക് പ്രാധാന്യം നല്കുന്നതിനും പ്രാവർത്തികമാക്കുന്നതിനുമായി ജില്ലാതലത്തിൽ പ്രാദേശിക ഗ്രൂപ്പുകൾ രൂപീകരിക്കുകയും അവരെക്കൊണ്ട് കൃഷി ചെയ്യിച്ച് ഈ കൃഷിയിടങ്ങളെ ജൈവകൃഷിയിടങ്ങളായി സാക്ഷ്യപ്പെടുത്തുകയും ചെയ്യുന്ന PGS (Participatory Guarantee System) നടപ്പിലാക്കുന്നതിനുള്ള നടപടികൾ വി.എഫ്.പി.സി.കെ.യുടെ കീഴിൽ ആരംഭിച്ചു. വി.എഫ്.പി.സി.കെ.യുടെ നേതൃത്വത്തിൽ വിവിധ ജില്ലകളിലായി ജൈവകൃഷിയോടു താല്പര്യമുള്ള കർഷകരുടെ 213 ലോക്കൽ ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. 1500 കർഷകരോളം വരുന്ന ഈ സംഘങ്ങൾ വഴി 725 ഹെക്ടർ സ്ഥലത്ത് ജൈവകൃഷി നടപ്പിലാക്കി വരുന്നു. |
| ബി) ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി വി.എഫ്.പി.സി.കെ. എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | ബി) കാസർഗോഡ് ജില്ലയിൽ നടപ്പിലാക്കുന്ന പി.ജി.എസ്. സർട്ടിഫിക്കേഷനും ജൈവ പച്ചക്കറി ഉല്പാദനവും എന്ന പദ്ധതി വഴി കർഷകർക്ക് ജൈവ സർട്ടിഫിക്കേഷനും ജൈവ പച്ചക്കറി ഉല്പന്നങ്ങൾ വിപണനം ചെയ്യുന്നതിനുള്ള പ്രൊഡക്ഷൻ സബ്സിഡിക്കുമായി 70 ലക്ഷം രൂപ പദ്ധതി സഹായമായി ലഭ്യമാക്കിയിട്ടുണ്ട്. വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രമോഷൻ കൗൺസിൽ, ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി പ്രദർശന ത്തോട്ടങ്ങൾ സംഘടിപ്പിച്ചിട്ടുണ്ട്. രാസവളങ്ങളുടേയും കീടനാശിനികളുടേയും അനിയന്ത്രിതമായ ഉപയോഗം മൂലം ഉണ്ടാകുന്ന ദൂഷ്യഫലങ്ങളെക്കുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുവാൻ കാമ്പെയിനുകളും പരിശീലനക്ലാസ്സുകളും സംഘടിപ്പിച്ചുവരുന്നു. വി.എഫ്.പി.സി.കെ യുടെ കീഴിൽ പ്രവർത്തിച്ചു വരുന്ന കൃഷി |

ബിസിനസ്സ് കേന്ദ്രങ്ങൾ വഴി ജൈവവളങ്ങളും ജൈവവളർച്ചാത്വരകങ്ങളും ജൈവ കീടനാശിനികളും ഗുണമേന്മ ഉറപ്പു വരുത്തി കർഷകർക്ക് വിതരണം ചെയ്തു വരുന്നു. വീടുകളിൽ ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി പച്ചക്കറിത്തൈകൾ നട്ടുപിടിപ്പിച്ച ഗ്രോബാഗുകൾ 30535 വീടുകളിൽ സ്ഥാപിച്ചിട്ടുണ്ട്. ജൈവകൃഷി പദ്ധതിയുടെ നടത്തിപ്പിനായി കൃഷി വകുപ്പ്, കേരള കാർഷിക സർവ്വകലാശാല, RCOF (Regional Center for Organic Farming), RKVY, PKVY, National Mission For Sustainable Agriculture എന്നിവരുടെയെല്ലാം സേവനങ്ങൾ പ്രയോജനപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

| | |
|---|---|
| സി) ജൈവവളങ്ങളും ജൈവകീടനാശിനികളും ഉൽപാദിപ്പിക്കാനുള്ള സാങ്കേതിക പരിജ്ഞാനം കൃഷിക്കാർക്ക് ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ? | സി) ജൈവവളങ്ങളായ മണ്ണിര കമ്പോസ്റ്റ്, ഇ എം (effective micro organisms) കമ്പോസ്റ്റ്, NCOF (National Center for Organic Farming) കമ്പോസ്റ്റ് എന്നിവ വി.എഫ്.പി.സി.കെ ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ കർഷകരെക്കൊണ്ട് വിവിധ ജില്ലകളിൽ ഉല്പാദിപ്പിക്കുന്നുണ്ട്. ജൈവകീടനാശിനി ഉൽപാദിപ്പിക്കുന്നതിനുള്ള പരിശീലനങ്ങളും നൽകിയിട്ടുണ്ട്. |

Manjal

**സെക്ഷൻ ഓഫീസർ**